# Deepika
# 30 July 2018
# Idukki; Orange Alert, Idukki Dam,Water Level

# ഇന്ന് ഓറഞ്ച് അലർട്ട്

- ഇടുക്കി ഡാം തുറക്കൽ: ദുരന്ത നിവാരണ സേന എത്തി
- പെരിയാറിൽ വെള്ളമെത്താൻ 8.33 മിനിറ്റ്

**ചെറുതോണി/ഇടുക്കി:** ഇടുക്കി അണക്കെട്ടിലെ ജലനിരപ്പ് ഇന്നലെ ഉച്ചയ്ക്ക് 12ന് 2,394.02 അടിയായി ഉയർന്നു. 2,395 അടിയാകുമ്പോൾ രണ്ടാമത്തെ മുന്നറിയിപ്പായ ഓറഞ്ച് അലർട്ട് ഇന്നു പുറപ്പെടുവിച്ചേക്കും. ജലനിരപ്പ് 2,397 ലെത്തുമ്പോൾ റെഡ് അലർട്ട് നൽകിയിട്ടാവും ഡാം തുറക്കുക. റെഡ് അലർട്ട് നൽകി 15 മിനിറ്റിനു ശേഷം തുറക്കും. അതിനുമുമ്പേ സുരക്ഷാക്രമീകരണം പൂർത്തിയാക്കും.

2,400 അടിയാകുമ്പോഴാണ് അണക്കെട്ട് തുറക്കാൻ മുമ്പു തീരുമാനിച്ചിരുന്നതെങ്കിലും മുല്ലപ്പെരിയാറിലെ ജലനിരപ്പും ഉയരുന്നതുകൂടി കണക്കിലെടുത്താണ് അതിനുംമുമ്പേ തുറക്കുന്നത്. പകൽ മാത്രമേ അണക്കെട്ടു തുറക്കാവൂ എന്ന് വൈദ്യുതി മന്ത്രി നിർദേശിച്ചിട്ടുണ്ട്.

### ട്രയൽ റൺ

ഇടുക്കി ഡാം തുറക്കുന്നതിനു മുന്നോടിയായി ട്രയൽ റൺ നാളെ നടത്തുമെന്ന് സർക്കാരിന്റെ പത്രക്കുറിപ്പ് ആദ്യം വന്നെങ്കിലും പിന്നീടു തിരുത്തി. ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുത്തിട്ടില്ലെന്ന് ഇടുക്കി ജില്ലാ കളക്ടർ പ്രതികരിച്ചു. ഇന്നലെ രാത്രിയോടെ ദേശീയ ദുരന്തനിവാരണസേന ഇടുക്കിയിലെത്തി. പഞ്ചായത്ത് അടിസ്ഥാനത്തിൽ സ്വീകരിക്കേണ്ട മുൻകരുതലുകൾ ദുരന്തനിവാരണസേന പരിശോധിക്കും. ജലനിരപ്പ് ഉയരുന്ന സാഹചര്യത്തിലാണ് നാളെ ഷട്ടറുകൾ ഉയർത്തി ട്രയൽ നടത്താൻ ആദ്യം ആലോചിച്ചത്. 40 സെന്റിമീറ്റർ തുറക്കാനായിരുന്നു നീക്കം. ഇങ്ങനെ തുറന്നാൽ സെക്കൻഡിൽ 1,750 ഘനയടി വെള്ളം പുറത്തേക്കു വരുമെന്നാണ് കണക്കാക്കുന്നത്.

### തടസങ്ങൾ നീക്കി

മുൻകരുതലുകളുടെ ഭാഗമായി ചെറുതോണി പുഴയിലെ തടസങ്ങൾ നീക്കിത്തുടങ്ങി. വെള്ളത്തിന്റെ ഒഴുക്കിനു തടസമാകുന്ന മൺകൂനകളും മറ്റുമാണ് നീക്കുന്നത്. ചെറുതോണി പാലത്തിനു സമീപത്തുള്ള മണ്ണ് മണ്ണുമാന്തി ഉപയോഗിച്ചു നീക്കി.

പലസ്ഥലങ്ങളിലും വീതി കുറവും കൈയേറ്റവും വെള്ളത്തിന്റെ ഒഴുക്കിനു തടസമാകും. ചെറുതോണി പുഴയിലെ വീതികുറഞ്ഞ ഭാഗത്തുകൂടി അഞ്ചു കിലോമീറ്റർ ഒഴുകിയാണു പെരിയാറുമായി സംഗമിക്കുന്നത്. അണക്കെട്ടിൽനിന്നുള്ള ആദ്യ വെള്ളം ഒരുമീറ്റർ ഒഴുകണമെങ്കിൽ ഒരു സെക്കൻഡ് സമയം വേണമെന്നാണ് വൈദ്യുതി വകുപ്പ് നൽകുന്ന വിവരം. ഇതിൻപ്രകാരം ആദ്യ ജലം പെരിയാറിൽ എത്താൻ 8.33 മിനിറ്റ് സമയം മതിയാകും.




കരിമ്പനു സമീപം പകുതിപ്പാലത്തുനിന്നുള്ള പെരിയാറിന്റെ ദൃശ്യം. ചെറുതോണി ഡാമിന്റെ ഷട്ടർ തുറക്കുമ്പോൾ ഇതുവഴിയാണ് വെള്ളം കുതിച്ചൊഴുകുന്നത്.

- ബിബിൻ സേവ്യർ